**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - പൊതു ഫണ്ടിലെ തുക കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രാദേശിക സർക്കാരുകളുടെ എസ്.റ്റി.എസ്.ബി / റ്റി.പി.എ അക്കൗണ്ടുകളിൽ നിന്ന് തിരിച്ച് പിടിച്ച തുക - പുനഃരനുവദിച്ച കൊണ്ടുള്ള ആദ്യ ഉത്തരവ് ഭേദഗതി ചെയ്ത് കൊണ്ടും നാലാം ഘട്ടം പുനഃരനുവദിച്ചും ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ — എ) വകുപ്പ്**

സ.ഉ.(സാധാ) നം. 8138/2018/ധന. തീയതി, തിരുവനന്തപുരം, 03 ഒക്ടോബർ 2018

---

പരാമർശം.
1) സ.ഉ.(അ) നം. 156/2017/ധന തീയതി 14/12/2017
2) സർക്കുലർ നം.08/2018/ധന തീയതി 31/03/2018
3) സ.ഉ.(അ) നം. 51/2018/ധന തീയതി 28/03/2018
4) സ.ഉ.(അ) നം. 55/2018/ധന തീയതി 31/03/2018
5) സ.ഉ.(സാധാ)നം.3151/2018/ധന തീയതി 03/04/2018
6) സ.ഉ.(സാധാ)നം.4606/2018/ധന തീയതി 30/05/2018
7) സ.ഉ.(സാധാ)നം.5228/2018/ധന തീയതി 21/06/2018
8) കണ്ണൂർ ജില്ലാ കളക്ടറുടെ 06/07/2018 തീയതിയിലെ DC KNR /15054/2017/S2 നമ്പർ കത്ത്
9) കണ്ണൂർ ജില്ലാ കളക്ടറുടെ 28/09/2018 തീയതിയിലെ DC KNR /15054/2017/S2 നമ്പർ കത്ത്
10) ട്രഷറി ഡയറക്ടറുടെ 17/09/2018 ലെ ഇ 2/10631/2018 നമ്പർ കത്ത്
11) ട്രഷറി ഡയറക്ടറുടെ 26/09/2018 ലെ ഇ 2/17317/2018 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (2) ലെ സർക്കുലർ പ്രകാരം എസ്.റ്റി.എസ്.ബി. അക്കൗണ്ടുകളിൽ ചെലവാക്കാതെ അവശേഷിക്കുന്ന തുക സാമ്പത്തിക വർഷാവസാനം തിരികെ സർക്കാർ ഫണ്ടിലേക്ക് മുതൽക്കൂട്ടുമെന്ന് അറിയിച്ചിരുന്നു. ആയതുപ്രകാരം പരാമർശം (3) ലെ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ പ്രാദേശിക സർക്കാരുകളുടെ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്നും സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് പ്രസ്തുത തുക തിരികെ വരവ് വയ്ക്കുകയുണ്ടായി.

**2)** പ്രാദേശിക സർക്കാരുകളിൽ നിന്നും സർക്കാരിലേക്ക് മുതൽക്കൂട്ടിയ തുക പരാമർശം (4) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (5),(6),(7) എന്നീ ഉത്തരവുകൾ പ്രകാരം ഒന്നാം ഘട്ടമായി 1135,21,11,473/- രൂപയും രണ്ടാം ഘട്ടമായി 35,12,75,705/- രൂപയും മൂന്നാം ഘട്ടമായി 33,31,83,624/- രൂപയും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളുടെ പൊതു ആവശ്യഫണ്ടിലേയ്ക്ക് പുനഃരനുവദിച്ച് നൽകിയിട്ടുണ്ട്.

**3)** (i) കണ്ണൂർ നഗരസഭയുടെ പട്ടികജാതി പുനരധിവാസ പദ്ധതി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് തലശ്ശേരി സബ് കോടതിയുടെ LAR 405/2011 നമ്പർ കേസിൽ അർത്ഥനാധികാരിയായ കണ്ണൂർ നഗരസഭ സ്പെഷ്യൽ തഹസിൽദാർ (എൽ.എ), തലശ്ശേരിയുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് നിക്ഷേപിച്ച 1,48,10,537/- രൂപ പരാമർശം (3)ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേക്ക് മുതൽക്കൂട്ടുകയുണ്ടായെന്നും ടി തുക പുന:രനുവദിച്ച് നൽകണമെന്നും പരാമർശം (8)ലെ കത്ത് പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ ആവശ്യപ്പെടുകയുണ്ടായി. സ്പെഷ്യൽ തഹസിൽദാർ (എൽ.എ), തലശ്ശേരി പ്രസ്തുത വിധി തുകയിൽ നിന്നും 14,81,054/- രൂപ ആദായ നികുതി കിഴിച്ച് 1,33,29,483/- രൂപയുടെ ചെക്ക് തലശ്ശേരി സബ് ജഡ്ജിന് നൽകിയിരുന്നു. തലശ്ശേരി സബ് ജഡ്ജിന് നൽകിയ 1,33,29,483/- രൂപയുടെ ചെക്ക് മാറിക്കിട്ടാത്തതിനെതിരായി LAR കേസിലെ കക്ഷികളിലൊരാൾ WP(C)22256/2018 ഹർജി ഫയൽ ചെയ്തു. ഇൻകം ടാക്സ് തുകയായ 14,81,054/- രൂപ ആദായ നികുതി വകുപ്പിന് ഒടുക്കി കഴിഞ്ഞതായും ആയതിനാൽ ടി തുക കിഴിച്ചുള്ള 1,33,29,483/- രൂപയാണ് പുന:രനുവദിച്ച് നൽകേണ്ടതെന്നും പരാമർശം (9) പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ തുടർന്ന് അറിയിച്ചിട്ടുണ്ട്.

(ii) കൊച്ചി നഗരസഭയിൽ നിന്നും പരാമർശം (3)ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ മുതൽ കൂട്ടിയ തുകയായ 6,12,74,910/- രൂപ പ്രസ്തുത നഗരസഭക്ക് പുന:രനുവദിച്ച് നൽകേണ്ടതുണ്ടെന്ന് പരാമർശം (11) പ്രകാരം ട്രഷറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(iii) പരാമർശം (3)ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേക്ക് മുതൽ കൂട്ടിയ തുക പരാമർശം (5) ലെ ഉത്തരവ് പ്രകാരം ഒന്നാം ഘട്ടമായി പുനഃരനുവദിച്ചപ്പോൾ, തിക്കോടി ഗ്രാമപഞ്ചായത്തിന് അധികമായി ലഭിച്ച 9,00,000/- രൂപ തിരിച്ച് പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (10) പ്രകാരം ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(iv) നെടുമ്പ്രം ഗ്രാമ പഞ്ചായത്തിൽ നിന്ന് പരാമർശം (3)ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേക്ക് മുതൽ കൂട്ടിയ തുകയായ 13,35,511/- രൂപ പരാമർശം (6) പ്രകാരം പുനഃരനുവദിച്ച് നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പരാമർശം (5) ലെ ഉത്തരവ് പ്രകാരം അനുവദിച്ച 1,33,551/- രൂപ അധികമാകയാൽ ടി തുക തിരിച്ചുപിടിക്കേണ്ടതായുണ്ട്.

**4)** മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു:

(i) കണ്ണൂർ നഗരസഭയുടെ പട്ടികജാതി പുനരധിവാസ പദ്ധതി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സ്പെഷ്യൽ തഹസിൽദാർ(എൽ.എ), തലശ്ശേരിയുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് കണ്ണൂർ നഗരസഭ നിക്ഷേപിച്ച 1,48,10,537/- രൂപയിൽ ഇൻകം ടാക്സ് ഒടുക്കിയ തുകയായ 14,81,054/- രൂപ കിഴിച്ചുള്ള **1,33,29,483/- രൂപ (ഒരു കോടി മുപ്പത്തി മൂന്ന് ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരത്തി നാനൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം)**, കണ്ണൂർ നഗരസഭയുടെ പൊതു ആവശ്യ ഫണ്ടിന്റെ കണക്ക് ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിക്കുകയും കണ്ണൂർ നഗരസഭ ടി തുക വീണ്ടും സ്പെഷ്യൽ തഹസിൽദാർ (എൽ.എ), തലശ്ശേരിയുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് നിക്ഷപിക്കേണ്ടതാണെന്ന് ഉത്തരവാകുകയും ചെയ്യുന്നു.

(ii) കൊച്ചി നഗരസഭയുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് നമ്പർ 711011400000029-ൽ നിന്നും സർക്കാർ തിരിച്ചുപിടിച്ചിട്ടുള്ള **6,12,74,910/- രൂപ (ആറ് കോടി പന്ത്രണ്ട് ലക്ഷത്തി എഴുപത്തി നാലായിരത്തി തൊള്ളായിരത്തി പത്ത് രൂപ മാത്രം)** കൊച്ചി നഗരസഭയുടെ പൊതു ആവശ്യ ഫണ്ടിന്റെ കണക്ക് ശീർഷകത്തിൽ പുനഃരനുവദിച്ച് ഉത്തരവാകുന്നു.

(iii) തിക്കോടി ഗ്രാമപഞ്ചായത്തിന് പരാമർശം (5) ലെ ഉത്തരവ് പ്രകാരം അധികമായി അനുവദിയ്ക്കുകയും സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയും ചെയ്ത **9,00,000/- രൂപ (ഒൻപത് ലക്ഷം രൂപ മാത്രം)** തിക്കൊടി ഗ്രാമ പഞ്ചായത്ത് മാറിയിട്ടുണ്ടെങ്കിൽ പ്രസ്തുത തുക 3604-00-200-88-(05)-NP എന്ന കണക്ക് ശീർഷകത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തിരിച്ചടക്കേണ്ടതും മാറാത്ത പക്ഷം ട്രഷറി ഡയറക്ടർ ടി തുക തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

(iv) നെടുമ്പ്രം ഗ്രാമ പഞ്ചായത്തിന് പരാമർശം (5) ലെ ഉത്തരവ് പ്രകാരം അധികമായി പുന:രനുവദിച്ച **1,33,551/- രൂപ (ഒരു ലക്ഷത്തി മുപ്പത്തി മൂവായിരത്തി അഞ്ഞൂറ്റി അൻപത്തി ഒന്ന് രൂപ മാത്രം)** നെടുമ്പ്രം ഗ്രാമ പഞ്ചായത്ത് മാറിയിട്ടുണ്ടെങ്കിൽ പ്രസ്തുത തുക 3604-00-200-88-(05)-NP എന്ന കണക്ക് ശീർഷകത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തിരിച്ചടക്കേണ്ടതും മാറാത്ത പക്ഷം ട്രഷറി ഡയറക്ടർ ടി തുക തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

[ തുക രൂപയിൽ ]

| പ്രാദേശിക സർക്കാരുകൾ | ജനറൽ പർപ്പസ് ഫണ്ട് | അനുവദിക്കുന്ന തുക | തിരിച്ചടയ്ക്കേണ്ട തുക |
|---|---|---|---|
| കണ്ണൂർ നഗരസഭ | 3604-00-200-88-(01)-NP | 1,33,29,483 | |
| കൊച്ചി നഗരസഭ | 3604-00-200-88-(01)-NP | 6,12,74,910 | |
| തിക്കോടി ഗ്രാമപഞ്ചായത്ത് | 3604-00-200-88-(05)-NP | | 9,00,000 |
| നെടുമ്പ്രം ഗ്രാമ പഞ്ചായത്ത് | 3604-00-200-88-(05)-NP | | 1,33,551 |
| **ആകെ** | | **7,46,04,393** | **10,33,551** |

(v) മുകളിൽ സൂചിപ്പിച്ചിട്ടുള്ള കണ്ണൂർ, കൊച്ചി നഗരസഭകളുടെ ശീർഷകങ്ങളിൽ മതിയായ ഫണ്ടിനുള്ള അധിക ധനാനുമതി നൽകി ധന (ബഡ്ജറ്റ്) വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(vi) ട്രഷറി ഡയറക്ടർ ഈ ഉത്തരവിന്റെ പകർപ്പ് ട്രഷറി ഇൻട്രാനെറ്റ് വഴി ബന്ധപ്പെട്ട ജില്ലാ/ സബ് ട്രഷറി ഓഫീസർമാർക്ക് ലഭ്യമാക്കേണ്ടതാണ്.

(vii) ഈ ഉത്തരവ് അലോട്ട്മെന്റ് ലെറ്ററായി കണക്കാക്കേണ്ടതും കണ്ണൂർ, കൊച്ചി എന്നീ നഗരസഭകളുടെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് അതാത് സെക്രട്ടറിമാർ ടി.ആർ.59(സി) പ്രകാരമുള്ള ബിൽ ട്രഷറികളിൽ സമർപ്പിക്കേണ്ടതുമാണ്.

(viii) ഈ ട്രാൻസ്ഫർ ക്രെഡിറ്റ് എല്ലാവിധ ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രാജൻ വി.കെ**
**ധനകാര്യ അഡീഷണൽ സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾക്ക്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (E-796933)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.